സഹകരണ മേഖല എൻ.സി.ഡി.സി.ക്ക് സമർപ്പിച്ച പ്രോജക്ടുകൾ

11(2263) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന സർക്കാർ എൻ.സി.ഡി.സി.-ക്ക് എന്തുതുക തിരിച്ചടച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) തിരിച്ചടവ് ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾ തയ്യാറാക്കി എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുന്നതിന് സഹകരണ വകുപ്പിൽ എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ആരംഭിച്ചിട്ടുള്ളത് ;

(സി) ഈ സാമ്പത്തിക വർഷം ഇതുവരെ ഇത്തരത്തിൽ എത്ര പ്രോജക്ടുകൾ സമർപ്പിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) തിരിച്ചടവ് ഉറപ്പ് വരുത്തിയ പ്രോജക്ടുകളാണ് എൻ.സി.ഡി.സി.-ക്ക് സമർപ്പിച്ചുവരുന്നത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സഹകരണ സംഘങ്ങളിലെ വായ്പാ-നിക്ഷേപ പലിശനിരക്കുകൾ

12 (2264) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നടത്തുന്ന നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണസംഘങ്ങൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകുന്ന പരമാവധി പലിശ നിരക്ക് എത്രയാണ് ;

(സി) സഹകരണ സംഘങ്ങൾ കൊടുക്കുന്ന വായ്പകളുടെ പരമാവധി പലിശ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിവിധ പൊതുമേഖലാ ബാങ്കുകളും വാണിജ്യ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സർക്കാർ ട്രഷറിയും നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശ നിരക്ക് സഹകരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും, സഹകരണ വകുപ്പു സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും സംസ്ഥാന സഹകരണ

LIBRARY ARCHIVES Kerala Legislative Assembly